# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26


**ജി എച്ച് എസ് വന്മുഖം**

**കടലൂർ പി ഒ, നന്തി, കോഴിക്കോട്, 673529**

# ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘു ചരിത്രം

4. അടിസ്ഥാന വിവരങ്ങൾ

5. പദ്ധതി ആസൂത്രണം - ഹൈസ്കൂൾ

6. പദ്ധതി ആസൂത്രണം - യു പി

7. പദ്ധതി ആസൂത്രണം - എൽ പി

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നാം ഇന്നുള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വലിയൊരു കുതിച്ചുചാട്ടം ആണ് വിദ്യാഭ്യാസ മേഖല കൈവരിച്ചിരിക്കുന്നത്. കേരള സർക്കാരും പൊതു വിദ്യാഭ്യാസ വകുപ്പും പൊതുജനങ്ങളും കൈകോർത്ത് പിടിച്ചതിന്റെ നേർസാക്ഷ്യമാണ് ഈ നേട്ടം. എങ്കിലും ഇനിയും ഒട്ടേറെ മുന്നേറാൻ ഉണ്ട്. സർക്കാർ വിദ്യാലയങ്ങൾ അടിമുടി മാറിയതിന്റെ പശ്ചാത്തലത്തിൽ സർക്കാറിതര വിദ്യാലയങ്ങൾക്ക് പിടിച്ചു നിൽക്കേണ്ടത് അനിവാര്യ ഘടകമായി മാറി. ആ മാറ്റം ഫലത്തിൽ വിദ്യാഭ്യാസ മേഖലയുടെ സമൂലമായ പരിഷ്കരണത്തിന് കാരണമായി മാറി.

വിദ്യാഭ്യാസരംഗം അടിമുടി മാറിക്കൊണ്ടിരിക്കുകയാണ്. അക്കാദമിക രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന പരിഷ്കരണങ്ങൾ അതിൻെറ ഉദാഹരണമാണ്. വിദ്യാലയങ്ങൾ മാത്രം മികവിന്റെ കേന്ദ്രങ്ങൾ ആയാൽ പോരാ അവിടെ വന്നുചേരുന്ന വിദ്യാർത്ഥികളും മികച്ചവരായിരിക്കണം എന്നുള്ള നിർബന്ധം പൊതുവിദ്യാഭ്യാസ വകുപ്പിന് ഉണ്ടെന്ന് നമുക്കറിയാം. അതിന്റെ ഭാഗമായാണ് അക്കാദമിക പരിഷ്കരണവും സമഗ്രഗുണമേൻമ പദ്ധതിയുമൊക്കെ നടപ്പിലായത്.

ജാതി മത വർഗ്ഗ വർണ്ണ ഭേദമന്യേ എല്ലാവരും ഒത്തുചേരുന്ന ഇടമാണ് വിദ്യാലയം. അതിനാൽ തന്നെ അത്തരം ചിന്തകൾക്ക് അതീതമായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടക്കേണ്ടതുമുണ്ട്.

സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്ന പ്രദേശത്താണ് നമ്മുടെ വിദ്യാലയവും സ്ഥിതിചെയ്യുന്നത്. പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം നൽകേണ്ടതിലേക്ക് നമ്മുടെ വിദ്യാലയം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മെ വീർപ്പുമുട്ടിക്കുന്നുമുണ്ട്. വിദ്യാഭ്യാസ മേഖല ലക്ഷ്യം വയ്ക്കുന്ന ശേഷികൾ ആർജ്ജിച്ച് മുന്നേറാൻ നമ്മുടെ വിദ്യാർഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിലേക്ക് സർക്കാർ നിർദ്ദേശിക്കുന്ന എല്ലാ ഉത്തരവാദിത്വങ്ങളും നമ്മൾ ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്. അത്തരമൊരു പശ്ചാത്തലത്തിലാണ് ഈ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാകുന്നത്. സ്കൂളിന്റെ സാഹചര്യത്തിൽ ഒതുങ്ങി നിന്നുകൊണ്ട് ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

വൻമുഖം ഗവൺമെൻറ് ഹൈസ്കൂളിന്റെ സർവതോമുഖമായ അഭിവൃദ്ധിക്ക് ആയി പ്രദേശവാസികളും പൂർവ വിദ്യാർത്ഥികളുടെയും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖരുടേയും പൊതുജനങ്ങളുടെയും നിർലോഭമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. കടലൂരിന്റെ കെടാവിളക്കായി ഈ വിദ്യാലയം ഉജ്വലിക്കട്ടെ എന്ന് ആശംസിക്കുന്നു.

# ലക്ഷ്യങ്ങൾ

1. കുട്ടികളിൽ മൂല്യ ബോധം വളർത്തി സമൂഹത്തിനും കുടുംബത്തിനും യോജിച്ച പൗരന്മാരാക്കി മാറ്റുക.
2. കുട്ടികളകളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ അംഗീകാരം നേടിക്കൊടുക്കുക.
3. വിദ്യാലയത്തെ പുകയില, മദ്യം, മയക്കുമരുന്ന് വിമുക്ത കാമ്പസ്സാക്കി നിലനിർത്തുക.
4. മതേതരത്വം, ലിംഗസമത്വം, ഭിന്നശേഷികാർക്കുള്ള പരിരക്ഷ, സാമൂഹിക സമത്വം എന്നിവയിലൂന്നി വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
5. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും അധ്യയനത്തിൽ ഏർപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുക.
6. കുട്ടികൾക്ക് അതാതു കാലത്ത് ലഭിക്കേണ്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നുവെന്ന് ഉറപ്പു വരുത്തുക.
7. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
8. സമഗ്ര ഗുണ മേന്മ വിദ്യാഭ്യാസ പദ്ധതി മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കൽ.
9. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുക.
10. സാങ്കേതിക വിദ്യാ സൌഹൃദാന്തരീക്ഷം വളർത്തിയെടുക്കുക.
11. വിദ്യാലയ സമിതികൾ, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരവും പിന്തുണയും ഉറപ്പ് വരുത്തുക
12. വലിച്ചെറിയൽ സംസ്കാരം, പൊതു മുതൽ നശീകരണം തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിച്ചെടുക്കുക.

# പ്രാദേശിക ചരിത്രം

## നിലക്കാത്ത അക്ഷര വെളിച്ചം

ആഴക്കടലിന്റെ ഓളങ്ങളെ മുറിച്ചെറിഞ്ഞ് ദിശതെറ്റാതെ ലക്ഷ്യസ്ഥാനം പിടിക്കുന്നതിന് ആഴിയിലേക്ക് വെളിച്ചം വീശുന്ന ദീപസ്തംഭം അഥവാ കടലൂർ പോയിന്റ് ലൈറ്റ് ഹൗസ്. നൂറ്റാണ്ട് പിന്നിട്ട ആ വെളിച്ച ഗോപുരത്തിന് തൊട്ടു താഴെയാണ് വൻമുഖത്തിന്റെ അക്ഷര വെളിച്ചമായ കടലൂർ വൻമുഖം ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. ഭാവി വീക്ഷണ വിശാരദൻമാരാൽ പടുത്തുയർത്തപ്പെട്ട ഈ സൗധം കടലൂരിന്റെ ആഴിതീരം തൊട്ടു തന്നെ ഉയർന്നു നിൽക്കുന്നതും പ്രത്യേകതയേറ്റുന്നു. വ്യവസായ, വാണിജ്യ, രംഗത്ത് പെരുമ നേടി രാജ്യത്തിന്റെ സമ്പത് മൂല്യവാഹകരായിരുന്നു പിന്നിട്ടകാലത്തെ കടലൂരിന്റെ മാനസങ്ങൾ. പോയകാല പ്രൗഢിയും, പ്രതാപവും, തിരിച്ചു പിടിക്കാനും സാംസ്കാരിക ചൈതന്യം നിലനിർത്താനും, കുട്ടിക്കൂട്ടങ്ങളെ ക്കൂട്ടിപ്പിടിച്ച് വെളിച്ച ഗോപുരത്തിന്റെ കീഴെ ചിന്താദീപമായി നൂറ്റാണ്ടൊന്നിലേക്കടുക്കുയാണ് കടലൂർ വൻമുഖം ഹൈസ്കൂൾ. താത്പര്യമില്ലായ്മ ഇരുത്തം മൂട്ടിയ നവകാലത്ത് അച്ചടക്കത്തിന്റെയും, ബന്ധങ്ങളുടെയും , സ്നേഹത്തിന്റേയും, തണൽ വഴി ഒരുക്കുന്ന അക്ഷര സൗധത്തിന്റെ മികവും, മട്ടും മാനസങ്ങളിൽ പ്രതീക്ഷകളായി ഇണക്കി വിളക്കുകയാണിന്ന്. തീഷ്ണമായ ചുറ്റുപാടിൽ വിഘ്നതകളെ തട്ടിയെറിഞ്ഞ് വരുംകാലം മികവുറ്റ വിദ്യയിലേക്ക് ചിന്താ വഴി തേടുന്ന സംരംഭത്തിന് ശുഭാപ്തിവിശ്വാസത്തോടെ ആശംസകൾ നേരുന്നു.

പി ടി എ സമിതി

# വിദ്യാലയത്തിന്റെ ചരിത്രം

വൻമുഖം ഗവ. യു. പി. സ്കൂളിന്റെ ഇടനാഴികളിലൂടെ

മലബാറിലെ വിദ്യാഭ്യാസ സൗകര്യം തിരെയില്ലാത്ത പ്രദേശങ്ങളിൽ 'മലബാർ ഡിസ്ട്രിക്ട് ബോർഡി'ന് കീഴിൽ സർക്കാർ സ്കൂളുകൾ ആരംഭിച്ചു. അക്കൂട്ടത്തിൽ കടലൂരിൽ 'കടലൂർ ഹിന്ദു ബോർഡ് എലിമെന്ററി സ്കൂൾ' എന്ന പേരിൽ 1928 ൽ ഈ വിദ്യാലയം ആരംഭിക്കപ്പെട്ടു. കടലൂരിലെ പൊന്നങ്കണ്ടി എന്ന പറമ്പിൽ 3 രൂപ പ്രതിമാസ വാടകയുള്ള ഒരു ഓലഷെഡ്ഡിലാണ് വിദ്യാലയം തുടങ്ങിയത്. ആദ്യത്തെ പ്രധാനാദ്ധ്യാപകൻ ശ്രീ. പി. ചാപ്പൻനായർ. സഹാദ്ധ്യാപകൻ ശ്രീ. കെ. രാമുണ്ണി നായർ, ആദ്യത്തെ കെട്ടിട ഉടമ ശ്രീ. കെ. ബീരാൻ കുട്ടി, പിന്നീട് ശ്രീ. കെ. അസീസ്, ശ്രീ. കെ. മമ്മത് എന്നിവരായിരുന്നു. 1932 ൽ ഈ വിദ്യാലയം ശ്രീ. നടുക്കണ്ടി പി. സി. ഇബ്രായി എന്നയാളുടെ ഉടമസ്ഥതയിൽ സമീപത്തു തന്നെയുള്ള കുമ്മവയൽ എന്ന പറമ്പിലെ ഒരു കടയുടെ മുകളിലത്തെ നിലയിലെ ഒറ്റ മുറിയിലേക്ക് മാറ്റപ്പെട്ടു. താമസിയാതെ ശ്രീ. പി. സി. ഇബ്രായി പ്രസ്തുത കട പൊളിച്ചു മാറ്റി അവിടെത്തന്നെ ഒരു ഷെഡ്ഡ് നിർമ്മിച്ച് സ്കൂളിന് നൽകി. 1953 വരെ കെട്ടിട ഉടമ ശ്രീ. പി സി ഇബ്രായി ആയിരുന്നു. 1938 ൽ സ്കൂളിന്റെ പേര് കടലൂർ ബോർഡ് ബോയ്സ് സ്കൂൾ എന്നാക്കി മാറ്റുകയും 5-ാം തരം വരെയുള്ള സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. 1953 വരെ സ്കൂൾ കുമ്മവയൽ എന്ന സ്ഥലത്ത് പ്രവർത്തിച്ചു. 1953 ൽ സ്കൂളിന്റെ പേരിന് വീണ്ടും മാറ്റം വന്നു. 'കടലൂർ ബോർഡ് എലിമെന്ററി സ്കൂൾ' എന്നായി മാറിയത് 1953 ൽ ഡിസ്ട്രിക്ട് ബോർഡും കെട്ടിട ഉടമയും തമ്മിൽ കെട്ടിടത്തിന്റെ സുരക്ഷയെ സംബന്ധിച്ച് തർക്കമായതിനാലാണെന്ന് കരുതപ്പെടുന്നു. സ്കൂൾ നഷ്ടപ്പെടുന്ന സ്ഥിതി സംജാതമായി. ഇതിനെ തുടർന്ന് രക്ഷിതാക്കളും പ്രധാനാദ്ധ്യാപകൻ ശ്രീ. എം. അച്ചുതൻ നായരും സഹാദ്ധ്യാപകൻ ശ്രീ. മരുന്നോളി ടി. അനന്തൻ നായരും മറ്റും സമ്മർദ്ദം ചെലുത്തിയതിനെ തുടർന്ന് സ്ഥലത്തെ ചകിരി വ്യവസായിയുടെ ശ്രീ. പൂനത്തിൽ പൊയിൽ ഹൗസിന്റെ റോഡരികിൽതന്നെ ഉണ്ടായിരുന്ന ഓടമല എന്ന പറമ്പിൽ ഒരു കെട്ടിടം വാടകക്ക് നിർമ്മിച്ചു നൽകുകയും 1954 ജനുവരിയിൽ സ്കൂൾ പ്രസ്തുത കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു. 1958 ൽ സ്കൂളിന്റെ പേർ 'കടലൂർ ഗവ. എൽ. പി. സ്കൂൾ' എന്നാക്കി മാറ്റപ്പെട്ടു. 1961 മുതൽ സ്കൂളിലെ 5-ാം ക്ലാസ് നിർത്തലാക്കപ്പെട്ടു. തൊട്ടടുത്തൊന്നും ഒരു യു. പി. സ്കൂളില്ലാതിരുന്നതിനാൽ 4-ാം ക്ലാസിലെ പഠനത്തോടെ പെൺകുട്ടികളുടെ വിദ്യാഭ്യാസം നിർത്തുകയായിരുന്നു ഭൂരിപക്ഷം രക്ഷിതാക്കളും ചെയ്തിരുന്നത്. ഇതിന് പരിഹാരമായി, സ്കൂൾ ഒരു യു. പി. സ്കൂളായി ഉയർത്തിക്കിട്ടുന്നതിന് രക്ഷിതാക്കളും അധ്യാപകരും പരിശ്രമിക്കുകയും 1974 ൽ 'വന്മുഖം ഗവ. യു. പി. സ്കൂൾ' എന്ന പേരിൽ ഈ വിദ്യാലയം യു പി. സ്കൂളായി ഉയരുകയും ചെയ്തു. ഗസറ്റ് വിജ്ഞാപനത്തിൽ സംഭവിച്ച പിശകാണ് സ്കൂളിന്റെ പേരിൽ മാറ്റം വരാനുള്ള കാരണമായി പറയപ്പെടുന്നത്. 30.09.1974 ന് യു.പി. സ്കൂളിന്റെ ഉദ്ഘാടന കർമ്മം ശ്രീ. സി. എച്ച്. മുഹ മ്മദ് കോയ എം. പി. നിർവ്വഹിച്ചു. യു. പി. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് കടലൂർ നുസറത്തുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി അവരുടെ മദ്രസ്സ കെട്ടിടങ്ങൾ വാടകയില്ലാതെ സ്കൂളിന് അനുവദിച്ചു തന്നു. പ്രധാനാദ്ധ്യാപകൻ ശ്രീ. ചാത്തോത്ത് കെ. പത്മനാഭൻ നായർ, പി. ടി. എ. ഭാരവാഹി കളായ ശ്രീ. അയ്യപ്പൻ കാട്ടിൽ മൊയ്തു ഹാജി, ശ്രീ. പി. കെ. മുഹമ്മദ് മുസ

ലിയാർകണ്ടി, ശ്രീ. ടി. കെ. മഹമൂദ് മലമ്മൽ എന്നിവർ ഇത് യു.പി. സ്കൂളായി ഉയർത്തിക്കിട്ടുന്ന തിനു വേണ്ടി പരിശ്രമിച്ചവരിൽ പ്രധാനപ്പെട്ടവരാണ്. 1984 ൽ ശ്രീ. പുനത്തിൽ പൊയിൽ കേളപ്പൻ സ്കൂൾ കെട്ടിടങ്ങളും സ്ഥലവും കടലൂർ നുസറത്തുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റിക്ക് വിറ്റു. അങ്ങനെ 1984 മുതൽ സ്കൂൾ കെട്ടിടങ്ങളുടെ ഉടമ കടലൂർ നുസ്റത്തുൽ ഇസ്ലാം മദ്രസ കമ്മിറ്റി യായി. 1988 ൽ ശ്രീമതി പീടികവളപ്പിൽ നഫീസ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരു ന്ന മാപ്പിളക്കുറ്റി വടക്കേ കുന്നത്ത് എന്ന പറമ്പിൽ നിന്ന് 50 സെൻറ് സ്ഥലം സ്കൂളിന് വേണ്ടി സർക്കാർ അക്വയർ ചെയ്തു. അവിടെ പി. ടി. എ ഓടിട്ട 2 സെമി-പെർമനെൻ്റ് ഷെഡുകൾ നിർമ്മിക്കുകയും സ്കൂളിലെ യു.പി വിഭാഗം ക്ലാസുകൾ പ്രസ്തുത ഷെഡുകളിലേക്ക് മാറ്റുകയും ചെയ്തു. 1991 മാർച്ചിൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. കെ. ചന്ദ്രശേഖരൻ പ്രസ്തുത ഷെഡുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂളിൽ ദീർഘകാലം പ്രധാനാധ്യാപകനായിരുന്ന ശ്രീ. ചാത്തോത്ത് കെ. പത്മനാഭൻ നായർ സർവ്വീസിൽ നിന്നും വിരമിക്കുന്നത് സംബന്ധി ച്ചുള്ള യാത്രയയപ്പ് സമ്മേളനവും ഇതോടൊപ്പം നടന്നു. പ്രധാനാദ്ധ്യാപകൻ ശ്രീ. ചാത്തോത്ത് കെ. പത്മനാഭൻ നായർ, പി.ടി.എ. പ്രസിഡൻ്റ് ശ്രീ. എം.കെ. കുഞ്ഞബ്ദുള്ള എന്നിവർ സ്ഥലം അക്വയർ ചെയ്ത് കിട്ടുന്ന കാര്യത്തിലും ഷെഡുകളുടെ നിർമ്മാണ കാര്യത്തിലും പരി ശ്രമിച്ച വരിൽ മുന്നിട്ട് നിൽക്കുന്നവരാണ്. കൂടാതെ നാട്ടുകാരിലെ കെട്ടിട നിർമ്മാണത്തൊഴിലാളിക ളിൽ കുറെ പേർ ഷെഡുകളുടെ നിർമ്മാണ കാര്യത്തിൽ കുറെയേറെ ജോലികൾ ശ്രമദാനമായി ചെയ്തു തന്നതും സ്മരണീയമാണ്. സ്കൂളിന് സ്വന്തമായി സ്ഥലം അക്വയർ ചെയ്തു കിട്ടിയ ശേഷം കിണർ. മൂത്രപ്പുര, ടോയ്ലറ്റുകൾ, ചുറ്റുമതിൽ, അടുക്കള, കുടിവെള്ള പദ്ധതി, കോൺക്രീറ്റ് ക്ലാസ്സ് മുറികെട്ടിടങ്ങൾ മുതലായ സൗകര്യങ്ങൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, സർവ്വ ശിക്ഷാ അഭിയാൻ, ശ്രീ. എം.പി. അബ്ദു സമദ് സമദാനി എം.പി. യുടെ പ്രാദേശിക വികസന ഫണ്ട്, വിദ്യാഭ്യാസവകുപ്പ് ഇവിടങ്ങളിൽ നിന്നെല്ലാം സ്കൂളിന് ലഭിക്കുകയും 2004 ജൂണിൽ സ്കൂൾ മുഴുവനും സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റാൻ സാധിക്കു കയും പ്രതിമാസം 3326 രൂപ വാടക നൽകിക്കൊണ്ട് സ്കൂളിന്റെ എൽ. പി. വിഭാഗം പ്രവർ ത്തിച്ചിരുന്ന കടലൂർ നുസറത്തുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഒഴിഞ്ഞ് കൊടുക്കാൻ സാധിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് സ്കൂളിന് നിർമ്മിച്ചു തന്ന 4 ക്ലാസ്സ് മുറി കെട്ടിടത്തിന്റെ ഉദ്ഘാടനം 2002 ഫിബ്രവരിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീമതി. എം. കെ. നളിനിയും പ്രസ്തുത കെട്ടടത്തിന് മുകളിൽ സർവ്വശിക്ഷാ അഭിയാൻ പദ്ധ തി 2002-03 പ്രകാരം നിർമ്മിച്ച 4 ക്ലാസ്സ് മുറിയുടെയും സ്റ്റെയർ കെയ്സിന്റെയും ഉദ്ഘാടനം 2004 ഏപ്രിലിൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. കെ രാജുവും നിർവഹിച്ചു. ശേഷം ഈ വിദ്യാലയം അപ്ഗ്രേഡ് ചെയ്യപ്പെട്ട് ഹൈസ്കൂളായി ഇന്നത്തെ നിലയിലേക്ക് എത്തിപ്പെട്ടു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെൻറ് ഹൈസ്കൂൾ വൻമുഖം |
| വിലാസം | : | കടലൂർ പി ഒ, നന്തി, കോഴിക്കോട്, 673 529 |
| ഇ-മെയിൽ അഡ്രസ് | : | vatakara16082@gmail.com |
| സ്കൂൾ കോഡ് | : | 16082 |
| ബി ആർ സി | : | പന്തലായനി |
| വിദ്യാഭ്യാസ ഉപജില്ല | : | മേലടി |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | കൊയിലാണ്ടി |
| ലോകസഭ മണ്ഡലം | : | വടകര |
| താലൂക്ക് | : | കൊയിലാണ്ടി |
| വില്ലേജ് | : | മൂടാടി |
| ഗ്രാമ പഞ്ചായത്ത് | : | മൂടാടി |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | : | കോഴിക്കോട് ജില്ലാ പഞ്ചായത്ത് |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

# ഹൈസ്കൂൾ

# വിഭാഗം

# Academic Master Plan 2025-26     (Hindi)

## शैक्षणिक गतिविधियाँ

*** नव अध्ययन साल के पहले दो हफ्ते हिंदी मूल बातें पढ़ाने का समय ।**
*** हफ्ते में एक दिन प्रार्थना सभा।**

**प्रार्थना सभा में–**

हिंदी प्रर्थना गीत

हिंदी प्रतिज्ञा

हिंदी सुविचार

हिंदी में मुख्य समाचार

छोटी कोविता या कहानी की प्रस्तुति।

**» महीने में किसी एक हिंदी साहित्य रचना का परिचय**
**» हर महीने के अंत में इकाई मूल्यांकन।**
**» 8,9,10 कक्षा के छात्रों के लिए हर हफ्ते में एक बार दैनिक जीवन में आनेवाली बातचीत की तैयारी और अपनी कक्षा में उसकी प्रस्तुती।**

| क्रमांक | दिन | प्रक्रिया | कक्षा |
|---|---|---|---|
| 1 | जून 5 | **पेड** नामक कविता का आलापन,पेड़ संबंधी सुरीली हिंदी की कविता (**चम चम करता पेड**)का दृश्याभास<br>**जूलिया और लूना** की कहानी की वीडियो प्रर्दशनी<br>**पोस्टर रचना प्रतियोगिता**<br>विषय–**प्रकृति सबका घर** | 8 |
| 2 | जून 19–25 | एक हफ्ते का कार्यक्रम<br>19<br>प्रार्थना सभा में **वाचन के महत्व** पर भाषण<br>20<br>श्रुतलेखन प्रतियोगिता<br>वाचन प्रतियोगिता<br>23<br>**वाचन का महत्व–आज के ज़माने में** विषय पर पोस्टर रचना की प्रतियोगिता<br>24 | 8,9,10 |

| | | | |
|---|---|---|---|
| | | हिंदी पुस्तकों की प्रदर्शनी<br>25<br>कक्षा में वाचन कोने का उद्घाडन | |
| | जून 30 | मूल्यांकन | |
| 3 | जूलाई31 | 1. प्रेमचंद जयंती<br>प्रेमचंद कहानीयों के वीडियो की प्रदर्शनी<br>2.प्रेमचंद के साहित्य का परिचय<br>प्रार्थना सभा में<br>3. पोस्टर प्रतियोगिता<br>4. मासिक परीक्षा | **स्कूल में जूलाई15से 31 तक दोपहर के अंतराल में**<br>**प्रार्थना सभा में**<br>**हाई स्कूल में**<br>**8,9,10** |
| 4 | अगस्त 15 स्वतंत्रता दिवस | 1.देशभक्ति गीतों का संकलन और उसकी हस्त लिखित पुस्तक की तैयारी।<br>2.देशभक्ति नारा लेखन प्रतियोगिता।<br>3. आज़ादी के आंदोलन में भाग लिए महात्माओं के डिजिटल मैगज़िन की तैयारी। | **हाई स्कूल में** |
| 5 | सितंबर<br>अध्यापक दिवस<br>हिंदी दिवस की तैयारियाँ | हिंदी मंच के नेतृत्व में छात्र सभी अध्यापकों को हिंदी में लिखे बधाई कार्ड देते हैं।<br>भाषण प्रतियोगिता<br>विषय–हिंदी भाषा राष्ट्रभाषा के रूप में।<br>अपनी कक्षा अध्यापिका के नाम पर हिंदी में पत्र लेखन प्रतियोगिता। | **हिंदी मंच**<br>10<br>9<br>8 |
| | **मासिक परीक्षा** | हिंदी भाषा के प्रमुख साहित्यकारों के परिचय देनेवाले चार्ट निर्माण। | 10,9,8 |
| 6 | दो अक्तूबर | महात्मा गाँधी के बारे में लघु लेख तैयार करके प्रस्तुतीकरण।<br>महात्मा गाँधी के महत्वचनों के संकलन। | 8<br>9<br>10,9,8 |

| | | | |
|---|---|---|---|
| | | परीक्षा के लिए प्रश्न पत्र तैयार करके छात्रों को रिविशन की आयोज करना। | |
| 7 | 14 नवंबर | नेहरूजी के जीवनी तैयार करना। | 10 |
| 8 | दिसंबर | डायरी लेखन प्रतियोगिता। | 9,8 |
| | | क्रिसमस के अवसर पर कार्ड निर्माण। | 10,9,8 |
| 9 | जानवरी 10 विश्व हिंदी दिवस<br>**मासिक परीक्षा** | हिंदी भाषा की प्रचार–प्रसार के नारे बनाना। | 9,8<br>**सभी छात्रों को** |
| 10 | **फरवरी** | हस्त लिखित भीत पत्रिका तैयार करना | 9,8 |
| 11 | मार्च | वार्षिक परीक्षा की तैयारियाँ | **सभी छात्रों को** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഭാഷ ശാക്തീകരണ സർഗ്ഗസംഗമം | കുട്ടികളെ സർഗ്ഗാത്മക സൃഷ്ടികൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക | അക്കാദമിക വർഷം | മലയാളം ക്ലബ് |
| ഭാഷാ ശാക്തീകരണം<br>കുട്ടിക്കൊപ്പം കുടുംബവും | കുട്ടിക്കൊപ്പം കുടുംബത്തെയും വായനാശീലത്തിലേക്ക് എത്തിക്കുക<br>ഭാഷയുടെ സാധ്യതകൾ സ്വയം തിരിച്ചറിയൽ കുട്ടികളുടെ ആശയം വിനിമയ നൈപുണി മെച്ചപ്പെടുത്തൽ | അക്കാദമിക വർഷം | മലയാളം ക്ലബ് |
| വായനാമാസാചരണം | സർഗ്ഗസംഗമം വായനാമാസത്തോടനുബന്ധിച്ച് സർഗാത്മക പരിപാടികൾ, പോസ്റ്റർ രചന, ഉപന്യാസ രചന, സാഹിത്യ ക്വിസ്, അഭിനയം തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>വായിക്കാൻ ഒരു ദിനം(രക്ഷിതാവ് ആഴ്ചയിൽ ഒരു ദിവസം സ്കൂൾ ലൈബ്രറിയിൽ) | ജൂൺ - ജൂലൈ | മലയാളം ക്ലബ് |
| ഭാഷാ ശാക്തീകരണം ദിനാചരണങ്ങൾ | ബഷീർ ദിനം, വയലാർ ദിനം അനുസ്മരണ പരിപാടികൾ, എം ടി ഓർമ്മദിനം, ലോക മാതൃഭാഷാ ദിനം | അക്കാദമിക വർഷം | മലയാളം ക്ലബ് |
| കവിതാ കേളി | കുട്ടികൾക്ക് പല തരത്തിലുള്ള കവിതകൾ കേൾക്കാൻ അവസരം നൽകുകയും ആലപിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. | അക്കാദമിക വർഷം | മലയാളം ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Bridge class | Teaching basic things in English like letters words etc.<br>Poster making<br>English versification<br>Preparing question paper and conducting examination | June | English subject council |
| Environment Day | Speech competition | June | English club |
| Reading month<br>Class test | Conducting exam | June - July | English club |
| World population Day<br>Monthly test | Speech about over population | July | English club |
| Hiroshima Day | Flash mob | August | Teachers |
| Preparation for quarterly exam | Interaction with language experts | August | English subject council |
| Communicative English workshop | Role play competition, Speech competition | September, October | English subject council |
| Monthly test | conducting exam | | English subject council |
| Children's Day | Children's Day celebrations | November | Teachers |
| Exam preparation | Revision class<br>Notes checking | December | English subject council |
| Revision<br>annual exam | Revision classes<br>Question discussion | January, February | English subject council |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ എത്തിക്കൽ<br>സ്കൂൾതല സയൻസ് എക്സിബിഷൻ<br>ഇൻസ്പെയർ YIP തുടങ്ങിയവയിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ<br>സയൻസ് ലാബ് നവീകരണം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |
| 8 9 10 ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക | അനുഭവ പരിശോധന<br>ലഘു പരീക്ഷണം യൂണിറ്റ് ടെസ്റ്റുകൾ എന്നിവയിലൂടെ പഠന നേട്ടങ്ങൾ എത്തിക്കുക<br>ICT ഉപയോഗം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |
| ചാന്ദ്രദിനം | ക്വിസ് പതിപ്പ് നിർമ്മാണം വീഡിയോ പ്രദർശനം എക്സിബിഷൻ | ജൂലൈ 21 | സയൻസ് ക്ലബ്ബ്, SITC |
| ദേശീയ ശാസ്ത്ര ദിനം | നമ്മുടെ ഊർജ്ജസ്രോതസ്സുകൾ സംരക്ഷിക്കാനും സുരക്ഷിതമായി ഉപയോഗിക്കുവാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക<br>സ്കിറ്റ് | ഫെബ്രുവരി 28 | സയൻസ് ക്ലബ്ബ് |
| ഊർജ്ജ സംരക്ഷണം | ഊർജ്ജ സംരക്ഷണ ദിന ക്വിസ് | ഡിസംബർ 14 | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | | അക്കാദമിക വർഷം | ഗണിത ക്ലബ്ബ് |
| | | അക്കാദമിക വർഷം | ഗണിത ക്ലബ്ബ് |
| സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | അക്കാദമിക വർഷം തുടർ പ്രവർത്തനം | ഗണിത ക്ലബ്ബ് |
| അധ്യാപകർ കാലാനുസൃതമായി ചെയ്യു ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നു | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത ക്ലബ്ബ് |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ ഗണിത മേഖലയിൽ ആഭിമുഖ്യം വളർത്തുക ലോജിക്കൽ തിങ്കിംഗ്, റീസണിങ് വളർത്തുക. | ഗണിത ഗ്രാമം കുട്ടികൾകൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ ദിനാചരണങ്ങൾ (പാസ്കൽ ഡേ, പൈ ഡേ) ഗണിത ദിന വർക്ക് ഷോപ്പ് | ജൂൺ മാർച്ച് | ഗണിത ക്ലബ്ബ് |
| ഗണിത മത്സര വേദിയിലേക്ക്മേഖലകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | അക്കാദമിക വർഷം | ഗണിത ക്ലബ്ബ് |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്നു ചുമതലകൾ നൽകുന്നു. | മെയ് ജൂൺ | എല്ലാ അദ്ധ്യാപകരും, HM പിടിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനാചരണം വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ പോസ്റ്റർ നിർമ്മാണം ക്വിസ് മത്സരം പരിസര ശുചീകരണം | ജൂൺ 5 | എക്കോ ക്ലബ്ബ് ടീച്ചേഴ്സ് ലിറ്റിൽ കൈറ്റ്സ് |
| ലബോറട്ടറി പരിചയം | ലാബ് സന്ദർശനം ഉപകരണങ്ങൾ പരിചയപ്പെട്ടാൽ | ജൂൺ മൂന്നാമത് ആഴ്ച | സയൻസ് വിഭാഗം |
| ജന്തു ജന്യ രോഗ ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസ് പ്രതിജ്ഞ അസംബ്ലി | ജൂലൈ ആദ്യ ആഴ്ച | ബയോളജി വിഭാഗം |
| മഴയെ അറിയൽ | മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അറിവ് നേടൽ മഴക്കാലത്ത് സ്കൂൾ പരിസരത്തെ ജൈവവൈവിധ്യം അറിയാൻ വേണ്ടിയുള്ള യാത്ര | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | എട്ടാം ക്ലാസ് വിദ്യാർത്ഥികൾ |
| ബയോടെക്നോളജിയെ അറിയാം | സസ്യ സംരക്ഷണ ബോധവൽക്കരണം | ജൂലൈ | SSSS ലിറ്റിൽ കൈറ്റ്സ് |
| കൃഷിയുടെ പ്രാധാന്യം തിരിച്ചറിയൽ | ടിഷ്യുകൾച്ചർ ഡെമോൺസ്ട്രേഷൻ<br>ജനിതക വിളകളുടെ വാർത്താ പ്രദർശനം<br>കർഷക ദിനാചരണം കർഷകരുമായുള്ള സംവാദം പുതിയ കാർഷിക രീതികളെ കുറിച്ചുള്ള ചർച്ച നാട്ടിനങ്ങളുടെ പ്രദർശനം | ഓഗസ്റ്റ് | സയൻസ് ക്ലബ് |
| നാട്ടുപൂക്കളെ അറിയാം | നാട്ടുവഴികളിലൂടെ സഞ്ചാരം നാട്ടുപൂക്കളുടെ ശേഖരണം പ്രദർശനം നാട്ടുപൂക്കൾ ഉൾപ്പെടുന്ന ഓണപ്പൂക്കളം | ഓഗസ്റ്റ് സെപ്റ്റംബർ | സയൻസ് ക്ലബ് |
| മികവ് പരീക്ഷിക്കൽ | ബയോളജി ക്വിസ് മോഡൽ പ്രദർശനം മോഡൽ നിർമ്മാണം | സെപ്റ്റംബർ | സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| വന്യജീവി സംരക്ഷണം | വൈൽഡ് ലൈഫ് വീക്ക് ഡോക്യുമെൻററി പ്രദർശനം അസംബ്ലി ക്വിസ് | ഒക്ടോബർ | അധ്യാപകർ |
| ജീവശാസ്ത്രത്തിലെ ജോലി സാധ്യതകൾ | കരിയർ ഗൈഡൻസ് ക്ലാസ് | നവംബർ ഡിസംബർ | അധ്യാപകർ |
| പാഠഭാഗം പുനരാവർത്തനം ചെയ്യൽ പഠനഫലങ്ങൾ മെച്ചപ്പെടുത്തൽ | പിയർ ഗ്രൂപ്പ് പഠനം<br>എക്സ്പെർട്ട്സ് ക്ലാസ്, റിവിഷൻ ക്ലാസ്<br>വിവിധ പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങളുടെ പ്രസിദ്ധീകരണം | ജനുവരി, ഫെബ്രുവരി, മാർച്ച് | വിജയോത്സവം വിജയരഥം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആരോഗ്യ ശീലങ്ങൾ പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുക | ജൂൺ ഒക്ടോബർ | PET, ക്ലാസ് ടീച്ചർ |
| ബോഡി മാസ്സ് ഇൻഡക്സ് | കുട്ടികളുടെ ഉയരം ഭാരം എന്നിവ മനസ്സിലാക്കി ഭക്ഷണം വ്യായാമം എന്നിവയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക | ജൂൺ ജൂലൈ | PET, ക്ലാസ് ടീച്ചർ |
| സബ്ജില്ല<br>ജില്ലാതല മത്സരങ്ങൾ | സബ്ജില്ല ജില്ലാതല മത്സരങ്ങൾക്ക് ഫുട്ബോൾ എന്നിവയിൽ പരിശീലനം നൽകുക | ജൂലൈ ഓഗസ്റ്റ് | PET, അദ്ധ്യാപകർ |
| ആരോഗ്യ കായിക വിദ്യാഭ്യാസം | ടെക്സ്റ്റ് ബുക്കിന്റെ ഫലപ്രദമായ വിനിമയം ഉറപ്പാക്കുക | ജൂൺ ഫെബ്രുവരി | PET |
| സ്കൂൾ മികവുകൾ<br>പൊതുസമൂഹത്തിലേക്ക് എത്തിക്കൽ | സ്കൂൾതല ഫുട്ബോൾ മത്സരങ്ങൾ | ഡിസംബർ<br>ഫെബ്രുവരി | PTA യുടെ സഹകരണം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയങ്ങളെ യഥാർത്ഥ ജീവിത വുമായി ബന്ധിപ്പിക്കു ന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുക | പ്രോജക്ട് അധിഷ്ഠിത പഠനം പ്രോത്സാഹിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| വിമർശന ചിന്തയും വിശകലനശേഷിയും വളർത്തുക | സാമൂഹിക വിഷയങ്ങളെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | ജൂൺ ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ഡിസംബർ-ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ<br>പി ടി എ |
| മതേതരത്വം സഹിഷ്ണുത ജനാധിപത്യ ബോധം എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. | മാതൃക പാർലമെൻറ് നടത്തുന്നു.<br>സർവ്വേകൾ,പ്രൊജക്റ്റ് , ചർച്ചകൾ സംവാദം, ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനം നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| ഭൂമിശാസ്ത്രപരവും ചരിത്രപരവും നായ പാശ്ചാത്തല ത്തെ കുറിച്ചുള്ള ധാരണ വളർത്തുക, പൗരബോധത്തിലും സാമൂഹിക ഉത്തരവാദിത്തത്തിലുമുള്ള കുറവ് പരിഹരിക്കുക. | സാമൂഹിക വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെൻററുകൾ പ്രദർശിപ്പിക്കുക ഐസിടി ഉപയോഗം ചരിത്രപരമായ മാപ്പുകൾ എന്നിവ ഉപയോഗിച്ച് ക്ലാസുകൾ നയിക്കുക സാമൂഹിക സേവന പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ പങ്കെടുപ്പിക്കുക. പ്രാദേശിക സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു | ആഗസ്റ്റ്-നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| വ്യത്യസ്തയിനം മണ്ണിനങ്ങൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ, ഇവയെല്ലാം പരിചയപ്പെടുക. | വിവിധ മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ നൽകുന്ന വീഡിയോ പ്രദർശനം, ചരിത്ര സിനിമാ പ്രദർശനം. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന പ്രോൽസാഹിപ്പിക്കുക,<br>വായനയുടെ ലോകത്തേക്ക്<br>കൈപിടിച്ചുയർത്തി വായനാശീലം<br>വളർത്തുക,<br>നല്ല വായനക്കാരനാവുക | **അറബിക് ലൈബ്രറി ശാക്തീകരണം**<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ, കവിതകൾ, ചിത്രകഥകൾ....<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-<br>നവംബർ | അദ്ധ്യാപകർ |
| **ക്ലാസ് കയ്യെഴുത്ത്  മാഗസിൻ**<br>വിദ്യാർത്ഥികൾ എഴുതാനുള്ള കഴിവ്<br>വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു<br>വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത്<br>മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു.<br>ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു. | സെപ്റ്റംബർ-<br>നവംബർ | അദ്ധ്യാപകർ,<br>ഭാഷാ ക്ലബ്ബ് |
| **സ്കൂൾ മാഗസിൻ**<br>വിദ്യാർത്ഥികൾ എഴുതാനുള്ള കഴിവ്<br>വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ<br>ഉൾ ക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുക. | അക്കാദമിക വർഷം | അദ്ധ്യാപകർ,<br>ഭാഷാ ക്ലബ്ബ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ<br>ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ ഉത്തരമെഴുതി പെട്ടിയിൽ നിക്ഷേപിക്കുന്നു.<br>അതിൽ നിന്ന് ശരിയുത്തരം തിരഞ്ഞെടുത്ത് സമ്മാനം<br>നൽകുന്നു | അക്കാദമിക വർഷം | അദ്ധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| മീഠി ആവാസ്<br>വായന | വായന മത്സരങ്ങൾ<br>ക്വിസ് മത്സരങ്ങൾ<br>വായനാ കാർഡുകൾ | അദ്ധ്യയന വർഷം | സബ്ജക്ട് കൌൺസിൽ |
| കൈയെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ<br>ഉറുദുവിൽ മികച്ചതും ഭംഗിയായതുമായ കൈ എഴുത്ത് | എല്ലാ മാസവും | സബ്ജക്ട് കൌൺസിൽ |
| ഹമാരി സബാൻ<br>ഉറുദു ദിനം | പൊതുവായതും ഉറുദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിൽ എത്തിക്കൽ<br>ടാലൻറ് മീറ്റ്<br>ക്വിസ് മത്സരം | നവംബർ 9 | സബ്ജക്ട് കൌൺസിൽ |
| ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ<br>ഭാഷാശേഷി<br>വികസിപ്പിക്കൽ | അതാത് ദിനാചരണങ്ങളിൽ | സബ്ജക്ട് കൌൺസിൽ |
| ഗസൽ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയാനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തൽ | അധ്യയന വർഷം | സബ്ജക്ട് കൌൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ഭാഷാ മാനവിക ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയം കൂടി നേടി സമൂഹത്തിനു മുതൽക്കൂട്ട് ആവുക | ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കാനുള്ള സ്കിൽ കണ്ടെത്താനുള്ള ശ്രമങ്ങൾ. തെരഞ്ഞെടുക്കപ്പെട്ടവർക്ക് എല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ 2 ദിവസം | WE ടീച്ചർ<br>SRG, SMC, PTA |
| സ്കൂൾ ശാസ്ത്രമേള | കുട്ടികൾ നിർമ്മിച്ച ബാഗുകൾ കൊത്തുപണികൾ അലങ്കാര ഉൽപ്പന്നങ്ങൾ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ, വിൽപ്പന | നവംബർ<br>ഡിസംബർ<br>ജനുവരി | കായിക അധ്യാപകർ<br>SRG, SMC, PTA |
| ഉപജില്ല ജില്ലാ സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവർത്തി പരിചയ പരിശീലനങ്ങൾ | അവധി ദിവസങ്ങളിൽ | SRG, SMC, PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – SSSS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സൈബർ സുരക്ഷിതരായിരിക്കൽ | സൈബർ സുരക്ഷ ക്ലാസ് | ജൂലൈ | പ്രോഗ്രാം കോഡിനേറ്റർ |
| ലഹരി വിരുദ്ധ അവബോധം സൃഷ്ടിച്ചെടുക്കൽ | ലഹരി വിരുദ്ധ ക്ലാസ് സംഘടിപ്പിക്കൽ | സെപ്റ്റംബർ | പ്രോഗ്രാം കോഡിനേറ്റർ |
| പ്രഥമ ശുശ്രൂഷയെപ്പറ്റി അറിവ്നേടൽ | പ്രഥമ ശുശ്രൂഷാ ബോധവൽക്കരണ ക്ലാസ് | നവംബർ | പ്രോഗ്രാം കോഡിനേറ്റർ |
| സമത്വ ബോധം സൃഷ്ടിക്കുക | സമൂഹത്തിലെ സ്ത്രീ പുരുഷ ഭേദം കുറച്ചുകൊണ്ടുവരാനായി കുട്ടികൾക്ക് ക്ലാസ് നൽകുന്നു. | ഡിസംബർ | പ്രോഗ്രാം കോഡിനേറ്റർ |
| ക്യാമ്പുകൾ | അവധിക്കാല പരിശാലന ക്ലാസ്സുകൾ | ഓണം, ക്രിസ്തുമസ് | പ്രോഗ്രാം കോഡിനേറ്റർ |
| ശുചിത്വമുള്ള വിദ്യാലയം | എല്ലാമാസവും ക്യാമ്പസ് ക്ലീനിംഗ് | അക്കാദമിക വർഷം | പ്രോഗ്രാം കോഡിനേറ്റർ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | പ്രോഗ്രാം കോഡിനേറ്റർ |
| ഭിന്നശേഷി സൌഹൃദ മനോഭാവം രൂപപ്പെടുത്തൽ | സ്പെഷ്യൽ കെയർ സെന്റർ സന്ദർശനം | ക്യാമ്പുകളോടൊപ്പം | പ്രോഗ്രാം കോഡിനേറ്റർ |

# STUDENT POLICE CADET PROJECT
# SCHOOL LEVEL ACTIVITY CALENDAR - 2025

| DATE | ACTIVITIES | OBJECTIVES | PARTICIPANTS | RESPONSIBLE PERSON |
|---|---|---|---|---|
| June 2 | ‘‘Pravesanotsav’’ (School Re opening day) | School reopening day is headed by SPC Project. | Senior Cadets | CPOs DIs |
| June First Week | A notice detailing the selection process to SPC projects is displayed on the school notice board. School LAC members, Senior cadets, Parents.<br>A briefing about SPC Project is given in the assembly by CPO/DI.<br>CPO distributes application form to student’s | New Cadet’s Selection | 8 std Students | CPOs DIs |
| Every Wednesday | Parade: Revision + Marching<br>(Line formation and Threes formation), Halt, Break Off and Dismiss as per Out Door Manual | To promote physical fitness and strength through a structured programme. | All Cadets | CPOs DIs |
| Every Saturday | Pt & Parade: Revision + Marching<br>(Line formation and Threes formation), Halt, Break Off and Dismiss as per Out Door Manual<br><br>Fall in the squad in three ranks, Attention, Stand at Ease, Stand Easy, Right Dress, Eyes Front, Numbering, Turnings (at the halt) Open Order and Close Order March<br><br>INDOOR CLASS -<br>- Nature Care and Preservation of Environment<br>- child safety during climate change disaster<br>- Importance of Time Management "<br>- Qualities and Attributes of Student Police Cadet<br>- Leadership etc.. | To promote physical fitness and strength through a structured programme.<br><br>Parade: Fall in the squad in three ranks, Attention, Stand at Ease, Stand Easy, Right Dress,<br>Eyes Front, Numbering, Turnings (at the halt) Open Order and Close Order March etc.. | All Cadets | CPOs DIs |

| | | | | |
|---|---|---|---|---|
| Vacation Programmes | Camps conducting in every vacation as per the order gives from the SPC Secretariat in time to time | *To develop a feeling of affiliation, unity and discipline among cadets.<br>*To enable cadets to share their experiences with others.<br>*To get cadets updated about current affairs.<br>*To facilitate national integration and secularism through prayer, pledge etc.<br>*Cadets become aware about main threats to our environment, need for planting trees and protecting biodiversity. | All Cadets | CPOs Dis Parents |
| Academic Year | Clean & Green School – Clean Campus Drive | *To Motivate all students, teachers and other school community to voluntarily participate in cleaning school premises.<br>*To train SPCs in adoption of sensible waste handling practices in their schools & homes<br>*To ensure that the school has a set of functioning and well maintained water, sanitation and hygiene facilities. | All Cadets | CPOs Dis Parents |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – ഹൈസ്കൂൾ – Little KITES

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഡോക്യുമെന്റേഷൻ | സ്കൂളിലെ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ. | ജൂൺ മാർച്ച് | ലിറ്റിൽ കൈറ്റ്സ് ഒമ്പതാം ക്ലാസ് ബാച്ച് |
| ഐസിടി ഉപകരണങ്ങൾ പരിപാലനം | ഐസിടി ഉപകരണങ്ങൾ ലാബ് എന്നിവയുടെ പ്രവർത്തനക്ഷമത പരിശോധന | ജൂലൈ ഓഗസ്റ്റ് | ലിറ്റിൽ കൈറ്റ്സ് എട്ടാം ക്ലാസ് ബാച്ച് |
| ഐടി പരിശീലനം | ഭിന്നശേഷിയെ വിദ്യാർത്ഥികൾക്കുള്ള ഐടി പരിശീലനം എൽപി വിദ്യാർഥികൾക്കുള്ള പരിശീലനം | നവംബർ ഡിസംബർ | ലിറ്റിൽ കൈറ്റ്സ് പത്താം ക്ലാസ് ബാച്ച് |
| ഡോക്യുമെന്റേഷൻ | സബ്ജില്ലാ മേളകളുടെ ഡോക്യുമെന്റേഷൻ | സെപ്റ്റംബർ നവംബർ | ലിറ്റിൽ കൈറ്റ്സ് ഒമ്പതാം ക്ലാസ് ബാച്ച് |
| മാഗസിൻ നിർമ്മാണം | ഇ- മാഗസിൻ നിർമ്മാണം | ഫെബ്രുവരി | ലിറ്റിൽ കൈറ്റ്സ് ഒമ്പതാം ക്ലാസ് ബാച്ച് |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# യു പി വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർ ത്താനും പഠിതാക്കളെ പ്രാപ്തരാ ക്കുക | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുക.<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | അക്കാദമിക വർഷം | മലയാളം ക്ലബ് |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം, മാസികകൾ എന്നിവ വായിക്കുകയും പഠിതാക്കളിൽ പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുക | അക്കാദമിക വർഷം | മലയാളം ക്ലബ് |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗാത്മക ശേഷി വികസിപ്പിക്കുക | സാഹിത്യകാരന്മാർ എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം, സംവാദം എന്നിവയിൽ ഏർപ്പെടൽ | അക്കാദമിക വർഷം | മലയാളം ക്ലബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണക്കളരി നിത്യജീവിതത്തിൽ : -<br>പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രാവബോധം വളർത്തിയെടുക്കാനാവശ്യമായ സംവിധാനം മെച്ചപ്പെടുത്തൽ | കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ മാനവിക ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയം കൂടി നേടി സമൂഹത്തിനു മുതൽക്കൂട്ട് ആവുക | ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കാനുള്ള സ്കിൽ കണ്ടെത്താനുള്ള ശ്രമങ്ങൾ. തെരഞ്ഞെടുക്കപ്പെട്ടവർക്ക് എല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | WE ടീച്ചർ<br>SRG, SMC, PTA |
| സ്കൂൾ ശാസ്ത്രമേള | കുട്ടികൾ നിർമ്മിച്ച ബാഗുകൾ കൊത്തുപണികൾ അലങ്കാര ഉൽപ്പന്നങ്ങൾ രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കൽ, വിൽപ്പന | നവംബർ<br>ഡിസംബർ<br>ജനുവരി | കായിക<br>അധ്യാപകർ<br>SRG, SMC, PTA |
| ഉപജില്ല ജില്ലാ സംസ്ഥാന പ്രവൃത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവർത്തി പരിചയ പരിശീലനങ്ങൾ | അവധി ദിവസങ്ങളിൽ | SRG, SMC, PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രാദേശികമായ അറിവ് നേടൽ വ്യക്തികളെ കുറിച്ച് അറിയൽ പ്രദേശത്തിന്റെ ചരിത്രം മനസ്സിലാക്കൽ | പ്രദേശത്തെ പ്രധാന വ്യക്തികളുമായി സംഭാഷണം ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ യാത്ര വിവരശേഖരണം | അക്കാദമിക വർഷം | അധ്യാപകർ |
| രാജ്യങ്ങളും അവയുടെ സവിശേഷതകളും മനസ്സിലാക്കൽ | രാജ്യങ്ങളെ പരിചയപ്പെടൽ കുട്ടികൾ ഏതെങ്കിലും രാജ്യത്തെ തെരഞ്ഞെടുത്ത് ആ രാജ്യത്തെ കുറിച്ചുള്ള സൂചനകൾ ക്ലാസിൽ അവതരിപ്പിക്കുന്നു ലഭിക്കുന്ന സൂചനകളിൽ നിന്നും മറ്റു കുട്ടികൾ രാജ്യത്തെ തിരിച്ചറിയുക | അക്കാദമിക വർഷം | അധ്യാപകർ |
| ലോക ജനസംഖ്യാ ദിനത്തെക്കുറിച്ച് ധാരണ കൈവരിക്കൽ | ജനസംഖ്യാ ദിനവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കൽ.<br>ജനസംഖ്യ വർദ്ധനവ് ലോകത്തുണ്ടാക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയൽ | അക്കാദമിക വർഷം | അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ - യുദ്ധത്തിനെതിരെയുള്ള വികാരം സൃഷ്ടിക്കൽ | യുദ്ധം മാനവരാശിക്ക് വരുത്തിവെക്കുന്ന ഭീഷണികൾ മനസ്സിലാക്കാനായി പ്രബന്ധ രചന, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കുക. വീഡിയോകൾ പ്രദർശിപ്പിക്കൽ. സുഡോക്കു കൊക്ക് നിർമ്മാണം | അക്കാദമിക വർഷം | അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഗാന്ധിജിയെ കുറിച്ച് കൂടുതൽ അറിയൽ | ഗാന്ധിജിയുമായി ബന്ധപ്പെട്ട അറിവുകൾ ചിത്രങ്ങൾ വാക്യങ്ങൾ എന്നിവ ശേഖരിച്ച് ക്ലാസ് മുറികളിൽ ഗാന്ധി കോർണർ തയ്യാറാക്കുക. | അക്കാദമിക വർഷം | അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| നെഹ്റുവിനെ അറിയൽ | നെഹ്റുവിനെ കുറിച്ച് അറിവുകൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക ശിശുദിന റാലി | അക്കാദമിക വർഷം | അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനത്തിലെ അടിസ്ഥാനമായ ചതുഷ്ക്രിയകളിലെ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തി പിന്നോക്കാവസ്ഥ കണ്ടെത്തുന്ന ദിവസവും അരമണിക്കൂർ പ്രത്യേക ക്ലാസ്സ് നൽകുന്നു | ജൂൺ ജൂലൈ മാസങ്ങൾ | യുപി അധ്യാപകർ |
| ഗണിത അഭിരുചി വളർത്തൽ ഗണിത ക്ലബ്ബ് രൂപീകരണം | ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു ഗണിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - ക്വിസ് , മാഗസിൻ നിർമ്മാണം - ക്ലബ് ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു, | ജൂലായ് രണ്ടാം വാരം മുതൽ | ഗണിത ക്ലബ്ബ് |
| ഗണിത ലൈബ്രറി | സ്കൂൾ ലൈബ്രറിയിൽ നിന്നും ഗണിതവുമായി ബന്ധപ്പെട്ട ബുക്കുകൾ ശേഖരിച്ച് കുട്ടികൾക്ക് വിതരണം ചെയ്യുന്നു | ജൂലൈ ആദ്യവാരം മുതൽ | ഗണിത ക്ലബ്ബ് |
| ഗണിത അഭിരുചി വളർത്തൽ | ഗണിത മേളയിൽ പങ്കെടുക്കാൻ പ്രോത്സാഹനം നൽകൽ പസിൽ , നമ്പർ ചാർട്ട് തുടങ്ങിയവയിൽ പരിശീലനം നൽകൽ | ജൂലൈ അവസാന വാരം മുതൽ | ഗണിത അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരമാലയും ഉച്ചാരണവും ശ്രവിക്കുവാനും സംസാരിക്കുവാനും അവസരം ഒരുക്കൽ | അക്ഷരമാല പരിശീലനം ഓഡിയോ വിഷ്വൽ പഠനം (ഫ്ലാഷ് കാർഡുകൾ, വീഡിയോകൾ)<br>Lend Your Ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.(Simple Stories)<br>ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | ജൂൺ ജൂലൈ മാസങ്ങൾ | യുപി അധ്യാപകർ |
| ഭാവാത്മക വായന പരിശീലിപ്പിക്കൽ | Radar of the Month<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി തെരഞ്ഞെടുക്കുന്നു<br>Readers Theatre<br>വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ഗണിത ക്ലബ്ബ് |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കൽ | Alert Zone<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും ആയി പ്രദർശിപ്പിക്കുന്നു<br>Fun Time | ദിനാചരണങ്ങളിൽ | ഗണിത ക്ലബ്ബ് |

| | | | |
|---|---|---|---|
| | കടങ്കഥകൾ കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു<br>My Droplets<br>കുട്ടികളുടെ കഥാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തിയെടുക്കൽ | The Grand Lamp<br>രക്ഷിതാക്കളെയും മറ്റും ഉൾപ്പെടുത്തി ക്യാമ്പ് നടത്തുന്നു 5 6 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു | വർഷാവസാനം | ഗണിത അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – യു പി – അറബി, ഹിന്ദി, സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരമാലയും ഉച്ചാരണവും വ്യക്തമാക്കുക | അക്ഷരമാല പരിശീലനം :-<br>ഓഡിയോ - വിഷ്വൽ പഠനം (ഫ്ലാഷ് കാർഡുകൾ – വീഡിയോകൾ)<br><br>ഓരോ അക്ഷരവും ശരിയായ ഉച്ചാരണത്തോടെ ആവർത്തിച്ച് പഠിപ്പിക്കൽ<br><br>അക്ഷരങ്ങൾ ഉപയോഗിച്ച് ലളിതമായ വാക്കുകൾ നിർമ്മിക്കുവാൻ പഠിക്കുക | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |
| വായിക്കാനും എഴുതാനും | അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകളും വാക്യങ്ങളും എഴുതാനുള്ള പരിശീലനം<br><br>ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിചയപ്പെടൽ<br><br>വാക്കുകൾ ചിത്രങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുക<br><br>ചെറിയ വാക്യങ്ങളിൽ വാക്കുകൾ മാറ്റി ഉപയോഗിച്ചുള്ള പരിശീലനം | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |
| സംഭാഷണം | ദൈനംദിന വിഷയങ്ങളെക്കുറിച്ച് ലളിതമായ സംഭാഷണങ്ങൾ നടത്താൻ പ്രോത്സാഹിപ്പിക്കണം<br><br>സ്കിറ്റുകൾ അവതരിപ്പിക്കൽ<br><br>പാട്ടുകൾ പഠിപ്പിക്കൽ | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |

അക്കാദമിക് മാസ്റ്റർ പ്ലാൻ

# എൽ പി വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല – എൽ പി – അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനോത്സവം | അക്ഷര വായന<br>അക്ഷരവൃക്ഷം<br>ലൈബ്രറി പുസ്തക വിതരണം<br>ചിത്രരചന<br>വായനാ ക്വിസ്<br>ശ്രാവ്യ വായന<br>കഥാ വായന<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>ഇ. വായന | ജൂൺ | ഭാഷ അധ്യാപകർ |
| നമുക്ക് സംസാരിക്കാം | റോൾപ്ലേ<br>ലഘു സംഭാഷണം കാർട്ടൂൺ പ്രദർശനം<br>പദസഞ്ചിക<br>(പദ ശേഖരണത്തിനും പദ സമ്പത്തിനും) | ജൂലൈ<br>ആഗസ്റ്റ് | ഭാഷ അധ്യാപകർ |
| എഴുതാം അവതരിപ്പിക്കാം | ദൈനംദിന വിഷയങ്ങളെക്കുറിച്ച് ലളിതമായ സംഭാഷണങ്ങൾ നടത്താൻ പ്രോത്സാഹിപ്പിക്കുന്നു.<br>സ്കിറ്റുകൾ അവതരിപ്പിക്കൽ<br>പാട്ടുകൾ പഠിപ്പിക്കൽ<br>ലഘു വാചക നിർമ്മാണം<br>ഗ്രൂപ്പ് തല മെച്ചപ്പെടുത്തൽ അവതരണം<br>ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകൽ<br>ക്ലാസ് തല അവതരണങ്ങൾ | സെപ്റ്റംബർ<br>ഒക്ടോബർ | ഭാഷ അധ്യാപകർ |

| | | | |
|---|---|---|---|
| ഭാഷയോടൊപ്പം | പദപ്പയറ്റ്<br>പദനിർമ്മാണം<br>ഭാഷാ ദിന പരിപാടികൾ<br>കയ്യെഴുത്തു മാസിക ചുമർപത്രിക<br>പോസ്റ്റർ ഡിസൈനിങ് അറബിക് സഹവാസ ക്യാമ്പ് | ലവംബർ<br>ഡിസംബർ | ഭാഷ അധ്യാപകർ |
| ക്ലാസ്സിൽ നിന്ന് പുറത്തേക്ക് | ഗെയിം കോർണർ ഒരുക്കൽ<br>ഗെയിം അവതരണം<br>പാഠങ്ങളുടെ ദൃശ്യാവിഷ്കരണം<br>പൊതു അവതരണം | ജനവരി<br>ഫെബ്രുവരി | ഭാഷ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## എൽ പി വിഭാഗം – മലയാളം

### ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല തുടങ്ങിയവകളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷീ വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യം ഇടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം.

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പിക്കുക
- എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വതന്ത്രമായ വായന ലേഖനം എന്നിവയിൽ ഏർപ്പെടുക
- ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ ചൊല്ലുകയും എഴുതുകയും ചെയ്യുക
- കുട്ടികളിലെ സർഗ്ഗാത്മക വികാസം ഉറപ്പാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനോത്സവം | കഥാവേള :-<br>രക്ഷിതാക്കളുടെ സഹായത്തോടെ ലൈബ്രറി സന്ദർശനം, ലൈബ്രറി വിതരണം, കൈയക്ഷര മത്സരം, ചിത്രരചന, ക്വിസ്, പ്രസംഗം, സാഹിത്യകാരന്മാരെ അറിയൽ, വായനക്കുറിപ്പ് പരിചയപ്പെടൽ, വായനാമത്സരം, പതിപ്പ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, മഹത് വചന ശേഖരണം.<br>പുസ്തകപ്പുര - (വീട്ടിൽ ഒരു ലൈബ്രറി)<br>ലഘു പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ | ഭാഷ അധ്യാപകർ |

| | | | |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | ഭാഷ കളരി<br>അമ്മ പറയട്ടെ<br>രചനാ ശിൽപ്പശാല വേദിയൊരുക്കൽ | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | കവികളെ കുറിച്ച് ഡോക്യുമെന്ററി പ്രദർശനം<br>പുസ്തക ശേഖരണം<br>പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ<br>ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ | ഭാഷ അധ്യാപകർ |
| ബഷീർ ദിനം | ബഷീർ കൃതികളുടെ പ്രദർശനം കഥാപാത്ര ആവിഷ്കാരം ബഷീർ കൃതികളുടെ ആസ്വാദനം ബഷീറിനെ വരക്കൽ പതിപ്പ് തയ്യാറാക്കൽ ബഷീർ ദിന ക്വിസ് | ജൂലൈ | ഭാഷ അധ്യാപകർ |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള മികവ് | എഴുത്തും കുത്തും - ലഘു രചനയിലേക്ക് നയിക്കുന്ന ശില്പശാല | സെപ്റ്റംബർ | ഭാഷ അധ്യാപകർ |
| രുചിച്ചറിയാം | ഭക്ഷ്യമേള<br>(നമ്മുടെ പ്രാചീന ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടൽ )<br>പാചക കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |
| സർഗോത്സവം | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോടെ അവതരിപ്പിക്കൽ<br>കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം<br>പഠനോത്സവം | അക്കാദമിക വർഷം | ഭാഷ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## എൽ പി - ഗണിതം

നിത്യജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി രസകരമായി അവതരിപ്പിച്ചാൽ നിർദ്ദിഷ്ട പഠന നേട്ടങ്ങൾ കൈവരിക്കാം. ഓരോ പഠന നേട്ടത്തിലൂടെയും ഗണിത ആശയങ്ങൾ ഉൾക്കൊണ്ടു തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് ഇതിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

<u>ലക്ഷ്യങ്ങൾ</u>

- കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിത പഠനം ലളിതമാക്കൽ
- സംഖ്യാബോധം സംഖ്യ വ്യാഖ്യാനം എന്നിവ ശേഷികൾ എല്ലാ കുട്ടികളിലും എത്തിക്കൽ
- അടിസ്ഥാന ഗണിതക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ
- നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- യുക്തിചിന്ത വളർത്തിയെടുക്കൽ
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ഗണിത പഠനത്തിന് അവസരം നൽകൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മഞ്ചാടി സഞ്ചി ഗണിത കിറ്റ് | എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ മഞ്ചാടി, വളപ്പൊട്ടുകൾ, ഈർക്കിൽ കമ്പ് കെട്ടുകൾ, സംഖ്യ കാർഡുകൾ, കളി നോട്ടുകൾ, പുളിങ്കുരു, വിവിധ രൂപങ്ങൾ മുതലായവ ശേഖരിക്കുന്ന ഗണിത കിറ്റ് തയ്യാറാക്കുന്നു. | ജൂൺ - ഫെബ്രുവരി | അധ്യാപകർ |
| ജാമിതീയ ലോകം | • ചുറ്റുപാടുമുള്ള ത്രിമാനരൂപങ്ങൾ തിരിച്ചറിയൽ<br>• ചതുരം സമചതുരം എന്നിവ തിരിച്ചറിയുന്നു.<br>• അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• തീപ്പെട്ടി കമ്പി ഈർക്കിൽ ഇവ ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ നിർമ്മിക്കൽ.<br>• പേപ്പർ ക്യൂബ് നിർമ്മാണം<br>• ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ<br>• ശില്പശാല | ജൂൺ - സെപ്റ്റംബർ | അധ്യാപകർ |
| ഗണിതമേളയ്ക്കൊരുങ്ങാം | ഗണിത ക്വിസ്സ്,<br>ഗണിത പസിൽ,<br>സ്റ്റിൽ മോഡൽ,<br>ജോമെട്രിക്കൽ ചാർട്ട്,<br>നമ്പർ ചാർട്ട് (ഏകദിന ശില്പശാല)<br>സംഖ്യാ കാർഡുകൾ,<br>ക്ലോക്ക്, ഡയസുകൾ,<br>സ്ഥാനവില പോക്കറ്റ്,<br>സംഖ്യ റിബണുകൾ,<br>അബാക്കസ്,<br>ജിയോ ബോർഡ് - എന്നിവയുടെ നിർമ്മാണം, പ്രദർശനം. | ജൂലൈ - സെപ്റ്റംബർ | അധ്യാപകർ |
| ഗണിത ലാബ് ഒരുക്കൽ | സംഖ്യാ കാർഡുകൾ,<br>കളി നോട്ടുകൾ,<br>സ്കെയിലുകൾ,<br>സ്ഥാന വില പോക്കറ്റ്, | ജൂലൈ | അധ്യാപകർ |

| | | | |
|---|---|---|---|
| | ഡൈസുകൾ,<br>വിവിധ ജാമിതീയ രൂപങ്ങളുടെ ത്രിമാന മാതൃക,<br>ജിയോ ബോർഡുകൾ,<br>മുത്തുകൾ, പൊട്ടുകൾ,<br>ഉല്ലാസ ഗണിത കിറ്റുകൾ,<br>കോയിൻസ്, അബാക്കസ് എന്നിവ ഗണിത ലാബിൽ സജ്ജീകരിക്കുന്നു<br>Metric മേള സാമഗ്രികൾ ഒരുക്കുന്നു | | |
| Honesty Shop | കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾ വാങ്ങി ഹോണസ്റ്റി ഷോപ്പ് തയ്യാറാക്കൽ<br>കുട്ടികൾ അവർക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുകയും കണക്ക് സൂക്ഷിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ - ഫെബ്രുവരി | അധ്യാപകർ |
| അടുത്തറിയാം നോട്ടുകളെയും നാണയങ്ങളെയും | ICT സാധ്യതകൾ ഉപയോഗിച്ച് പഴയതും പുതിയതുമായ നോട്ടുകൾ നാണയങ്ങൾ ഇവ പരിചയപ്പെടുന്നു.<br>നിലവിലുള്ള നോട്ടുകളുടെയും നാണയങ്ങളുടെയും നിർമ്മാണം<br>പ്രശ്ന നിർദ്ധാരണം | ജൂലൈ - നവംബർ | അധ്യാപകർ |
| ദിവസവും കാലവും | ക്ലോക്ക് കലണ്ടറുകൾ ഇവ പരിചയപ്പെടുന്നു വിവിധ വസ്തുക്കൾ ഉപയോഗിച്ച് ക്ലോക്കുകളുടെ നിർമ്മാണം<br>കലണ്ടർ നിരീക്ഷിച്ച് വിവിധ പാറ്റേണുകൾ കലണ്ടർ സംഖ്യകളുടെ പ്രത്യേകതകൾ ഇവ കണ്ടെത്തുന്നു. | സെപ്റ്റംബർ - ഡിസംബർ | അധ്യാപകർ |
| ഗണിത മാഗസിൻ | 3, 4 ക്ലാസുകളിൽ സംഖ്യാ ഗാനങ്ങൾ ജാമിതീയ രൂപങ്ങൾ പസിൽസുകൾ കുസൃതി കണക്ക് പാറ്റേണുകൾ ടാൻഗ്രാം ചിത്രങ്ങൾ മുതലായവ ഉപയോഗിച്ച് ഗണിത മാഗസിൻ നിർമ്മാണം പ്രകാശനം. | ഫെബ്രുവരി | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## എൽ പി - E V S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ<br>പോസ്റ്റർ രചന മത്സരം | ജൂൺ - ജൂലൈ | അധ്യാപകർ |
| പ്രകൃതിയെ അടുത്തറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം | ആഗസ്റ്റ് | അധ്യാപകർ |
| ഭൂപടം ഒരുക്കൽ | ഭൂപട വായന – കേരളം, ഇന്ത്യ, സൂചിക നിർമ്മാണം<br>ജില്ലകളിലൂടെ - കേരളത്തിലെ ജില്ലകളെ കുറിച്ചുള്ള ധാരണ സൃഷ്ടിക്കൽ<br>കേരളത്തെക്കുറിച്ചുള്ള കവിത കേൾക്കൽ, ചിത്രരചന, മാപ്പുവരക്കൽ | ജൂലൈ - സെപ്റ്റംബർ | അധ്യാപകർ |
| ലോക ജനസംഖ്യാദിനം | ജനസംഖ്യ വർദ്ധനവ് ഉണ്ടാക്കുന്ന പ്രതിസന്ധികൾ - വീഡിയോ പ്രദർശനം | ജൂലൈ | അധ്യാപകർ |
| നാട് അറിയാൻ | കർഷകരുമായി അഭിമുഖം | ജൂലൈ | അധ്യാപകർ |
| ചാന്ദ്രദിന പരിപാടികൾ | ചന്ദ്രനിലേക്കുള്ള സാങ്കല്പിക യാത്ര, വീഡിയോ പ്രദർശനം, ചാന്ദ്രദിന ക്വിസ് | ജൂലൈ | അധ്യാപകർ |
| ഹിരോഷിമ നാഗസാക്കി ദിനം | യുദ്ധത്തെക്കുറിച്ച് അറിയൽ, അതിന്റെ ഭീകരത തിരിച്ചറിയൽ | ആഗസ്റ്റ് | അധ്യാപകർ |
| ഭക്ഷ്യമേള | ആഹാരശീലവും ഭക്ഷ്യവസ്തു ക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ | ഒക്ടോബർ | അധ്യാപകർ |
| ശാസ്ത്രയാത്ര | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ സന്ദർശിക്കൽ | നവംബർ | അധ്യാപകർ |
| ശാസ്ത്രദിനം | സി വി രാമനെ പരിചയപ്പെടൽ<br>കണ്ടെത്താം അറിയാം - ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ തുടങ്ങിയവയുടെ പ്രദർശനം<br>മികച്ച കുട്ടികളെ കണ്ടെത്താൻ | ഫെബ്രുവരി | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## എൽ പി - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Listen to instruction and engage in activities | Give more chance to hearing instructions based on the day today life and classroom<br>Show the pictures of action verbs<br>Performing actions by hearing instructions and commands | June – December | Language Teachers |
| Describes the pictures | The teacher shows a picture<br>Discussion<br>The children talk about the picture<br>Slow learners :- gives opportunity to express their ideas in Malayalam | June – August | Language Teachers |
| Arrange words in alphabetical order | Introducing the dictionary<br>Give words<br>Arranging words in alphabetical order. | July – March | Language Teachers |
| Add more exchanges to the conversation suitable to the context | Reading the conversation<br>Conversation is acting with friends<br>Add more exchanges to conversation<br>Slow learners : give opportunity to express their ideas in Malayalam | July – March | Language Teachers |
| Identifies rhyming words from the poem | Plays the audio of song<br>Let the learners sing after the audio<br>Discussion<br>Identifies rhyming words | July – September | Language Teachers |

| | | | |
|---|---|---|---|
| Add lines to a poem following a set pattern | Place the audio of a song<br>Let the learners sing after the audio<br>Add lines to the poem | July – December | Language Teachers |
| Reads and understands the given stories and poems | Provides the opportunity to read simple stories and poems.<br>They told the story they read. | December – March | Language Teachers |
| Make simple riddles | Give us children day opportunity to hear and answer simple riddles.<br>Makes simple riddles.<br>Slow learners :- gives opportunity to express their ideas in Malayalam | August – March | Language Teachers |
| To develop creative writing | Makes a magazine with their creative works | December – January | Language Teachers |
| English theatre | Performs skit, drama conversation and story telling based on English text book | August – February | Language Teachers |